# പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. *106

30.01.2018-ന് മറുപടിയ്ക്ക്

## പൊതുവിദ്യാലയങ്ങളുടെ ആധുനികവത്ക്കരണം

**ചോദ്യം**

ശ്രീ. എസ്.ശർമ്മ
„ റ്റി.വി.രാജേഷ്
„ ഒ. ആർ. കേളു
„ പി. ഉണ്ണി

**മറുപടി**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളെ ആധുനികവത്ക്കരിച്ച് മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളെ ആധുനികവത്ക്കരിച്ച് മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

1) ഭൗതിക സാഹചര്യ വികസനം :

- മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 141 സ്കൂളുകളിൽ 138 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയും അപ്രകാരം കിഫ്ബി ധനസഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.
- അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 229 സ്കൂളുകളിൽ 163 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയും 70 സ്കൂളുകൾക്ക് കിഫ്ബി മുഖേനയുള്ള ധനസഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കൈറ്റിനെ തെരഞ്ഞെടുക്കുകയും അതിന്റെ നേതൃത്വത്തിൽ ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തു.

- വിദ്യാഭ്യാസ വകുപ്പിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട 127.8 കോടി രൂപ അനുവദിച്ചതിൽ 75 സ്കൂളുകൾക്ക് (എൽ.പി/യു.പി.) ഇതിനോടകം ഭരണാനുമതി നൽകിയിട്ടുണ്ട്.
- ഹൈടെക് സ്കൂൾ പദ്ധതി:

  സംസ്ഥാനത്തെ 8 മുതൽ 12 വരെയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതി പ്രകാരം 4775 സ്കൂളുകളിലെ 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കി മാറ്റാൻ 2016-17 ൽ കിഫ്ബി 493.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2018 ജൂൺ ഒന്നിന് മുമ്പ് 45000 ക്ലാസ് മുറികളിലേക്ക് ഐ.സി.റ്റി. ഉപകരണങ്ങൾ വിതരണം ചെയ്യുന്നത് പൂർത്തിയാക്കും വിധത്തിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നു.
- ജൈവവൈവിദ്ധ്യ പാർക്കുകൾ: 1200 സ്കൂളുകൾക്ക് മൂന്നുകോടി രൂപയ്ക്കുള്ള ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി 980 സ്കൂളുകൾക്ക് 10,000/- രൂപ വീതം അനുവദിച്ചു.

<u>2) അക്കാദമിക മികവ്</u>

സംസ്ഥാനത്തെ എല്ലാ കുട്ടികളുടെയും അക്കാദമിക മികവ് ലക്ഷ്യമിട്ടുകൊണ്ട് ഒരു ജനകീയ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

- സ്കൂൾ ഗ്രാന്റ് ഇനത്തിൽ എല്ലാ ഗവ.സ്കൂളുകൾക്കും 50,000 രൂപ വീതം അനുവദിച്ചു.
- നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 442 സ്കൂളുകൾക്ക് ഏഴ് ഇനങ്ങൾക്കായി (സയൻസ് ലാബ്, കമ്പ്യൂട്ടർ റൂം, ആർട്ട് റൂം, ലൈബ്രറി, അഡിഷണൽ ക്ലാസ്, ടോയ്‌ലെറ്റ്,

കുടിവെള്ളം) 5251 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

- ഐഡിയൽ ലാബ് സജ്ജീകരിക്കുന്നതിന് സംസ്ഥാനത്തെ ചുവടെ ചേർക്കുന്ന നാല് സ്കൂളുകൾക്ക് 50 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

1) ജി.എച്ച്.എസ്.എസ്. മയ്യിൽ, കണ്ണൂർ.

2) എ.ജി.എച്ച്.എസ്.എസ്. കോടോത്ത്, കാസർഗോഡ്.

3) ജി.എച്ച്.എസ്.എസ്. കോട്ടായി, പാലക്കാട്.

4) ഗവ.ബോയ്സ് എച്ച്.എസ്.എസ്, ഹരിപ്പാട് ആലപ്പുഴ.

(ബി) ഇതിനായി അധ്യാപകർക്ക് പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടോ; വിദ്യാലയങ്ങളെ ഹൈടെക് ആക്കുന്നതിനും പൊതു വിദ്യാലയങ്ങളിലെ പഠന ബോധന പ്രക്രിയകൾ കൂടുതൽ ശാക്തീകരിക്കുന്നതിനും ഇത്തരം പരിശീലന പരിപാടികൾ എത്രമാത്രം സഹായകരമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഉണ്ട്.

ഹൈടെക് സ്കൂൾ പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിന്റെ പൈലറ്റ് പ്രവർത്തനങ്ങൾ ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് അസംബ്ലി നിയോജക മണ്ഡലങ്ങളിലെ എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ ഉൾപ്പെടെ 139 സ്കൂളുകളിൽ നടപ്പിലാക്കി. ടി സ്കൂളുകളിലെ എല്ലാ അധ്യാപകർക്കും ഐ.സി.റ്റി. ഉപകരണങ്ങളുടെ സഹായത്താൽ ഐ.സി.ടി. അധിഷ്ഠിത പഠന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പ്രത്യേക പരിശീലനവും നൽകി. പൈലറ്റ് പദ്ധതി നടപ്പിലാക്കിയതിന്റെ അനുഭവജ്ഞാനം കൂടി ഉൾക്കൊണ്ടുകൊണ്ടാണ് സംസ്ഥാന വ്യാപകമായി ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് 500 പ്രഥമാദ്ധ്യാപകർക്ക് നേതൃത്വ പരിശീലനവും നൽകിവരുന്നു.

(സി) കുട്ടികളിൽ അറിവിന്റെ പരിപോഷണം കൂടുതൽ വേഗത്തിൽ സാധ്യമാക്കുന്നതിന് ഇത്തരം പരിശീലന പരിപാടികൾ വീണ്ടും സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(സി) ആധുനിക വിവരസാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം വിദ്യാഭ്യാസ മേഖലയിലും പ്രാവർത്തികമാക്കുന്നതിന് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേക പരിശീലനങ്ങൾ നൽകുന്നതാണ്. ഇതിനായി എസ്.സി.ഇ.ആർ.ടിയുടെ സഹായത്തോടെ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ (കൈറ്റ്) തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ സംവിധാനമാണ് 'സമഗ്ര ഇ-ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം'. ഇതിൽ ഡിജിറ്റൽ വിഭവങ്ങളോടൊപ്പം പാഠാസൂത്രണ രേഖകളും ലഭ്യമാക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ